"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

വനംവന്യജീവി വകുപ്പ്-വനംവകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കി വരവേ അന്തരിച്ച ശ്രീ. കെ. സുധാകരന്റെ മകൻ ശ്രീ. സുസ്മിത് എസ്-ന് സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം വനം വകുപ്പിൽ ക്ളർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനംവന്യജീവിവ(എഫ്) വകുപ്പ്

G.O.(Ms) No.9/2020/F&WLD തീയതി,തിരുവനന്തപുരം, 14/05/2020

---

പരാമർശം:- 1 സ.ഉ.(പി) നം.12/99/പി&എ.ആർ.ഡി തീയതി 24/05/1999.

2 ശ്രീ.സുസ്മിത് എസ്, കൊല്ലശ്ശേരി വീട്, കളർകോട്, സനാതനപുരം പി ഒ, ആലപ്പുഴ 01.11.2017 ൽ സമർപ്പിച്ച അപേക്ഷയും, അനുബന്ധരേഖകളും.

3 സ.ഉ.(കൈ) നം.5/2018/പി & എ ആർ ഡി, തീയതി 21/02/2018.

4 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 05.04.2018, 04.01.2020 തീയതികളിലെ ഇ6-16779/18 നം. കത്തും, അനുബന്ധവും.

5 ആലപ്പുഴ ജില്ലാ കളക്ടറുടെ 30.07.2019 ലെ A7/11605/18/KDIS നം.കത്തും, അനുബന്ധരേഖകളും.

ഉത്തരവ്

വനം വകുപ്പിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (Northern Circle) കണ്ണൂരിന്റെ കീഴിൽ നോർത്ത് വയനാട് ഡിവിഷനിൽ ബേഗൂർ റെയ്ഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കി വരവേ 2/7/2011ൽ അന്തരിച്ച ശ്രീ. കെ. സുധാകരന്റെ മകൻ ശ്രീ. സുസ്മിത് എസ്-ന് സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (4) പ്രകാരം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം പരാമർശം (5) പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരേതന്റെ മറ്റ് അനന്തരവകാശികൾ അപേക്ഷകന് ജോലി നൽകുന്നതിന് സമ്മതപത്രവും നൽകിയിട്ടുണ്ട്. പ്ളസ്ടു പാസ്സായിട്ടുള്ള അപേക്ഷകന് 20 വയസ്സ് പൂർത്തിയായിട്ടുണ്ട്. ജനനത്തീയതി 24.03.1999 ആണ്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 96000/-രൂപയാണെന്ന് പരവൂർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, വനം വകുപ്പിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (Northern Circle) കണ്ണൂരിന്റെ കീഴിൽ നോർത്ത് വയനാട് ഡിവിഷനിൽ ബേഗൂർ റെയ്ഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കി വരവേ 2/7/2011ൽ അന്തരിച്ച ശ്രീ. കെ. സുധാകരന്റെ മകൻ ശ്രീ.

സുസ്മിത് എസ് -ന് ആലപ്പുഴ ജില്ലയിൽ വനം വകുപ്പിൽ 19,000-43,600 രൂപ ശമ്പള സ്കെയിലിൽ ക്ലർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ആലപ്പുഴ ജില്ലയിൽ നിലവിൽ ഒഴിവില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ ടിയാനെ നിയമിക്കാവുന്നതും ആലപ്പുഴ ജില്ലയിൽ ഒഴിവു വരുന്ന മുറയ്ക്ക് സീനിയോരിറ്റി നഷ്ടപ്പെടാതെ ടിയാന് ആലപ്പുഴ ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകേണ്ടതുമാണ്.

3. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി ടിയാന് നിയമനം നൽകികൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പുറപ്പെടുവിക്കുന്നതാണ്.

4. ഈ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവന പുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. ഉത്തരവ് പുറപ്പെടുവിച്ച ശേഷം തെറ്റായ വസ്തുതകൾ ആധാരമാക്കിയാണ് ഉത്തരവ് പുറപ്പെടുവിച്ചത് എന്ന് പരിശോധനയിൽ തെളിഞ്ഞാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.SURESHKUMAR
JOINT SECRETARY

മുഖ്യവനപാലകൻ & വനസേനാ മേധാവി, തിരുവനന്തപുരം.
ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.
ശ്രീ.സുസ്മിത് എസ്,കൊല്ലശ്ശേരി വീട്, കളർകോട്, സനാതനപുരം പി.ഒ,ആലപ്പുഴ 688003.(രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വെബ്& ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SAJEEVAN M K
Date: 2020.05.15 10:31:27 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-വനംവന്യജീവി(പാർലമെന്റ്) വകുപ്പ്.